STATE POLICE MEDIA CENTRE
KERALA POLICE



Police Headquarters
Vazhuthacaud
Thiruvananthapuram - 695010
0471 2318188
info.pol@kerala.gov.in
statepolicemediacentre


No.73/PR/SPMC/PHQ/2022 Date: 06.03.2022

## POLICE BUILDING INAUGURATION BACKGROUND INFORMATION

താഴെപറയുന്ന പോലീസ് കെട്ടിടങ്ങളാണ് മുഖ്യമന്ത്രി പിണറായി വിജയൻ ഇന്ന് കണ്ണൂർ പരിയാരത്ത് ഉദ്ഘാടനം ചെയ്തത്. മറ്റുചില കെട്ടിടങ്ങളുടെ ശിലാസ്ഥാപന കർമ്മവും ഇതോടൊപ്പം നടന്നു.

കണ്ണൂർ ജില്ലയിലെ പരിയാരം, പത്തനംതിട്ട ജില്ലയിലെ ആറൻമുള, തൃശൂർ സിറ്റിയിലെ കുന്നംകുളം, വയനാട് ജില്ലയിലെ തൊണ്ടർനാട് എന്നീ പോലീസ് സ്റ്റേഷനുകൾക്കാണ് പുതിയ കെട്ടിടങ്ങൾ നിർമ്മിച്ചത്. കൂടാതെ കോട്ടയം ജില്ലയിലെ കുറവിലങ്ങാട് പോലീസ് സ്റ്റേഷൻെറ നിലവിലുള്ള കെട്ടിടത്തിൽ നടത്തിയ നവീകരണ പ്രവർത്തനങ്ങളുടെ ഉദ്ഘാടനവും മുഖ്യമന്ത്രി നിർവ്വഹിച്ചു.

തിരുവനന്തപുരം ജില്ലയിലെ പാറശാല, മലപ്പുറം ജില്ലയിലെ കാളികാവ്, കുറ്റിപ്പുറം, കൽപ്പകഞ്ചേരി, തിരൂരങ്ങാടി എന്നീ പോലീസ് സ്റ്റേഷനുകളിലെയും കാസർഗോഡ് വനിതാ പോലീസ് സ്റ്റേഷനിലെയും ശിശുസൗഹൃദ പോലീസ് സ്റ്റേഷനുകളും ഇന്ന് പ്രവർത്തനക്ഷമമായി.

കാസർഗോഡ് ബദിയടുക്ക പോലീസ് സ്റ്റേഷനിൽ പുതിതായി തയ്യാറാക്കിയ ബാരക്ക് സംവിധാനത്തിൻെറ ഉദ്ഘാടനവും മുഖ്യമന്ത്രി നിർവ്വഹിച്ചു.

സ്റ്റേറ്റ് സ്പെഷ്യൽ ബ്രാഞ്ചിൻെറ ജില്ലാതല ഓഫീസിനായി കണ്ണൂരിൽ നിർമ്മിച്ച പുതിയ ഓഫീസിൻെറയും കൗണ്ടർ ഇൻറലിജൻസ് ഓഫീസിൻെറയും ഉദ്ഘാടനവും ഇതോടൊപ്പം നടന്നു. കൂടാതെ പാലക്കാട് വടക്കഞ്ചേരിയിലും കൊല്ലം പരവൂരുമായി 12 ക്വാർട്ടേഴ്സുകളും കളമശ്ശേരിയിൽ രണ്ട് ഡി.സി.പി ക്വാർട്ടേഴ്സുകളും ഇന്ന് ഉദ്ഘാടനം ചെയ്യപ്പെട്ടു.

ആലപ്പുഴ, കാസർകോട്ടെ കുമ്പള, കോട്ടയത്തെ ഏറ്റുമാനൂർ, ഇടുക്കിയിലെ കാളിയാർ എന്നിവിടങ്ങളിലെ ജില്ലാതല ഫോറൻസിക് ലാബുകളും മുഖ്യമന്ത്രി ഉദ്ഘാടനം ചെയ്തു. സ്പെഷ്യൽ ഓപ്പറേഷൻ ഗ്രൂപ്പിനായി അരീക്കോട്ടെ ആസ്ഥാനത്ത് നിർമ്മിച്ച കെന്നെലിൻെറ ഉദ്ഘാടനവും നടന്നു.

മലപ്പുറം ജില്ലാ പോലീസ് ആസ്ഥാനം, പത്തനംതിട്ടയിലെ പുളിക്കീഴ്, മൂഴിയാർ, വനിത പോലീസ് സ്റ്റേഷൻ, ആലപ്പുഴയിലെ വീയപുരം, കണ്ണൂരിലെ മട്ടന്നൂർ, കൊല്ലം റൂറലിലെ എഴുകോൺ എന്നീ പോലീസ് സ്റ്റേഷനുകൾ, കോഴിക്കോട് സിറ്റി, പത്തനംതിട്ട ജില്ലകളിലെ പോലീസ് കൺട്രോൾ റൂം, തിരുവനന്തപുരം റൂറൽ, കൊല്ലം റൂറൽ എന്നിവിടങ്ങളിലെ ജില്ലാതല പരിശീലന കേന്ദ്രങ്ങൾ, ഇടുക്കിയിലെ ക്രൈം ബ്രാഞ്ച് മന്ദിരം, തിരുവനന്തപുരം റൂറൽ, കോഴിക്കോട് സിറ്റി എന്നിവിടങ്ങളിലെ സെൻട്രൽ കസ്റ്റോഡിയൽ സെൻറർ എന്നിവയ്ക്കായുള്ള കെട്ടിടങ്ങളുടെ ശിലാസ്ഥാപന കർമ്മവും മുഖ്യമന്ത്രി നിർവ്വഹിച്ചു.

*************************